**മധുരമായ കുട്ടികളേ – ടീച്ചർ വിദേഹിയാണ് അതിനാൽ ഓർമ്മിക്കുന്നതിനുള്ള പരിശ്രമം ചെയ്യണം, ഓർമ്മിച്ചോർമ്മിച്ച് എപ്പോൾ പരീക്ഷ പൂർത്തിയാകുന്നുവോ അപ്പോൾ വീട്ടിലേയ്ക്കു പോകും.**

**ചോദ്യം:–** കുട്ടികൾക്ക് ഓർമ്മയിൽ ഇരിക്കുന്നതിനുള്ള പരിശ്രമം ചെയ്യണം, ഏതൊരു ചതിയിൽ ഒരിയ്ക്കലും പെടരുത്?
**ഉത്തരം:–** ആത്മാവിന്റെ സാക്ഷാത്ക്കാരമുണ്ടായി, തിളക്കം കണ്ടു– ഇതുകൊണ്ട് ഒരു പ്രയോജനവുമില്ല. സാക്ഷാത്ക്കാരം ചെയ്യുന്നതിലൂടെ അഥവാ ബാബയുടെ ദൃഷ്ടി പതിയുന്നതിലൂടെ പാപം ഇല്ലാതാവുകയോ അഥവാ മുക്തി ലഭിക്കുകയോ ചെയ്യില്ല. ഇതിലൂടെ കൂടുതൽ ചതിയിൽപ്പെടും. ഓർമ്മയുടെ പരിശ്രമം ചെയ്യൂ, പരിശ്രമത്തിലൂടെയേ കർമ്മാതീത അവസ്ഥ ഉണ്ടാകൂ. അല്ലാതെ ബാബ ദൃഷ്ടി തന്നതുകൊണ്ട് നിങ്ങൾ പാവനമായി മാറില്ല. പരിശ്രമിക്കണം.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ഇരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്, പഠിപ്പിക്കുകയാണ്, യോഗം പഠിപ്പിക്കുകയാണ്. യോഗം അത്ര വലിയ കാര്യമൊന്നുമല്ല. കുട്ടികൾ പഠിക്കുമ്പോൾ തീർച്ചയായും ടീച്ചറുടെ ഓർമ്മയുണ്ടാകും, ഞങ്ങളെ ഇന്ന ടീച്ചറാണ് പഠിപ്പിക്കുന്നത്– തനിക്കു സമാനമാക്കി മാറ്റുന്നതിനായി. ലക്ഷ്യം തീർച്ചയായുമുണ്ടാകും. മനസ്സിലാക്കും ഇന്ന ക്ലാസ്സ് പഠിക്കുന്നുണ്ട്. ഇതിൽ ടീച്ചർക്ക് എന്നെ ഓർമ്മിയ്ക്കൂ എന്നു പറയേണ്ടതില്ല. സ്വതവേ പഠിപ്പിക്കുന്നയാളുടെ ഓർമ്മയുണ്ടാകും. മുഴുവൻ ദിവസവും പഠിക്കുകയൊന്നുമില്ല. ആ പഠിപ്പ് ജന്മജന്മാന്തരങ്ങൾ പഠിച്ചുവന്നതാണ്. അഭ്യാസമാകുന്നു. ഇവിടെയാണെങ്കിൽ നിങ്ങൾക്ക് തീർത്തും പുതിയ കാര്യങ്ങളാണ് അഭ്യസിക്കേണ്ടത്. ഇത് ദേഹധാരിയായ ടീച്ചറല്ല. അതിനാൽ ഈ ടീച്ചറുടെ ഓർമ്മ നിലനിൽക്കുന്നില്ല. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കേണ്ടതായുണ്ട് നമ്മെ പരമപിതാ പരമാത്മാവാണ് പഠിപ്പിക്കുന്നത് എന്ന്. ടീച്ചറെ തീർച്ചയായും ഓർമ്മിക്കണം, പരീക്ഷ പാസാകുന്നതുവരെ. ഓർമ്മിച്ച് ഓർമ്മിച്ച് പരീക്ഷ പാസാകും പിന്നീട് വീട്ടിലേയ്ക്ക് പോകും. പരീക്ഷ പൂർത്തിയായാലുടൻ നാടകം പൂർത്തിയാകും. നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മുടെ ആത്മാവിൽ 84 ജന്മങ്ങളുടെ പാർട്ട് അടങ്ങിയിട്ടുണ്ട്, നമുക്ക് വീണ്ടും അത് അഭിനയിക്കണം. ഇതും ഇപ്പോഴാണ് അറിയുന്നത്. പിന്നീട് അവിടെ ഇത് ഓർമ്മയുണ്ടാകില്ല. നിങ്ങൾക്ക് മുഴുവൻ ജ്ഞാനവും ലഭിക്കുന്നത് ഇവിടെയാണ്. ടീച്ചർ തന്നെയാണ് ഇരുന്ന് മുഴുവൻ ജ്ഞാനവും മനസ്സിലാക്കിത്തരുന്നത്, അതിനാൽ മനസ്സിലാക്കിക്കൊണ്ടിരിക്കണം ഒപ്പം തീർച്ചയായും ഓർമ്മിക്കുകയും വേണം. ഇടക്കിടെ ബാബ പറയുന്നു മന്മനാഭവ. മന്മനാഭവയ്ക്ക് അർത്ഥവുമുണ്ട്. കുട്ടികൾക്ക് അറിയാം ഈ വാക്ക് കൃത്യമാണ്. ബാബ സ്വയം പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും, ഇതിന് സമയം എടുക്കും. തന്റെ പരിശോധന നടത്തണം. എങ്ങനെയാണോ പഠിക്കുമ്പോൾ അനവധി വിഷയങ്ങൾ ഉണ്ടാകുന്നത് ചരിത്രം, കണക്ക്, ശാസ്ത്രം എന്നിങ്ങനെ. വിദ്യാർത്ഥികൾക്ക് അറിയാം ഞാൻ എത്രത്തോളം പാസാകും. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് ഞാൻ ഇത്ര ഇത്ര മാർക്ക് വാങ്ങിച്ച് പാസാകും. ഞാൻ ബാബയെ മറന്നുപോകുന്നില്ലല്ലോ എന്ന് സ്വയത്തെ നോക്കണം. വളരെ അധികം പേർ എഴുതാറുണ്ട് ബാബാ മായ ഇടക്കിടെ മറപ്പിക്കുന്നു. മായയുടെ കൊടുങ്കാറ്റ് അനേകം വരുന്നു, ഒരുപാട് വികല്പങ്ങൾ വരുന്നു. മനസ്സിലാക്കാത്ത കാരണത്താൽ എഴുതുന്നു ബാബാ ഇതിലൂടെ എന്നിൽ പാപമേൽക്കുകയില്ലല്ലോ? ഇങ്ങനെ ഇങ്ങനെയുള്ള സങ്കല്പങ്ങളും വികല്പങ്ങളും വരുന്നു. കാണുമ്പോൾ ഇങ്ങനെ ചെയ്താലോ എന്ന് ചിന്തവരുന്നു. ഇതിലൂടെ പാപമുണ്ടാകില്ലല്ലോ? ബാബ പറയുന്നു, ഇല്ല. കർമ്മേന്ദ്രിയങ്ങളിലൂടെ അത് വികർമ്മമാകുമ്പോഴാണ് പാപമേൽക്കുന്നത്.

ബാബ വീണ്ടും വീണ്ടും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു, കുട്ടികളിൽ ജ്ഞാനവുമുണ്ട്, ഇതും അറിയാം വിഷ്ണുവിനും ശ്രീകൃഷ്ണനും സ്വദർശനചക്രം എന്തുകൊണ്ടാണ് നൽകിയിരിക്കുന്നത്. അകാസുരനേയും ഭകാസുരനേയും വധിച്ചതായി കാണിക്കുന്നു. ഇപ്പോൾ വധിക്കുന്നതിന്റെ കാര്യമേയില്ല. ഇവിടെ തന്റെ പാപങ്ങളെ ഇല്ലാതാക്കുന്നതിനുള്ള കാര്യമാണുള്ളത്. ശിവബാബയേയും സ്വദർശന ചക്രധാരി എന്നു പറയാറുണ്ടല്ലോ. അവരിൽ മുഴുവൻ ചക്രത്തിന്റേയും ജ്ഞാനമുണ്ട്. ഈ സൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്ന ജ്ഞാനം ആത്മാവിന് അച്ഛനിൽ നിന്നാണ് ലഭിച്ചത്. സ്വദർശന ചക്രത്തെ ധാരണ ചെയ്ത് തന്റെ പാപങ്ങളെ ഇല്ലാതാക്കണം. ജ്ഞാനത്തെ ധാരണചെയ്ത് തന്റെ പാപങ്ങളെ ഇല്ലാതാക്കു. ബാബയെ ഓർമ്മിക്കുന്നതിലൂടെ തന്നെയാണ് വികർമ്മം വിനാശമാകുന്നത്. ഓരോരുത്തർക്കും അവനവനുവേണ്ടി പരിശ്രമിക്കണം. അല്ലാതെ ബാബയിരുന്ന് ദൃഷ്ടി തന്നാൽ തന്റെ പാപങ്ങൾ ഇല്ലാതാകും

എന്നല്ല. ബാബ ഇരുന്ന് ഈ ജോലിയല്ല ചെയ്യുന്നത്. തീർച്ചയായും എല്ലാവരേയും നോക്കുകതന്നെ ചെയ്യും. നോക്കുന്നതുകൊണ്ടോ ജ്ഞാനം നൽകുന്നതിലൂടെയോ വികർമ്മം വിനാശമാവുകയില്ല. ബാബ വഴിപറഞ്ഞുതരുകയാണ് ചെയ്യുന്നത്, ഇങ്ങനെ ഇങ്ങനെ ചെയ്യുകയാണെങ്കിൽ വികർമ്മം വിനാശമാകും. ശ്രീമതം നൽകുകയാണ്. നന്നായി മനസ്സിലാക്കുന്നു, ബാബ വരുന്നുണ്ട്– ആത്മാവാണെന്നു മനസ്സിലാക്കി നോക്കുകയും ചെയ്യുന്നു. പക്ഷേ ഇതിൽ നമ്മുടെ പാപം നശിക്കും എന്നല്ല. പാപമില്ലാതാകുന്നത് തന്റെ തന്നെ പരിശ്രമിത്തിലൂടെയാണ്. അഥവാ ബാബ അങ്ങനെ ചെയ്യുകയാണെങ്കിൽ ഇതുതന്നെ ഒരു ജോലി യാകും. ബാബ മനസ്സിലാക്കിത്തരുകയാണ് ഇങ്ങനെ ഇങ്ങനെയെല്ലാം നിങ്ങൾ നിങ്ങളുടെ അച്ഛനെ ഓർമ്മി ക്കൂ. അച്ഛൻ തന്നെയാണ് ശ്രീമതം നൽകുന്നത്. പക്ഷേ പരിശ്രമിക്കേണ്ടത് താൻ തന്നെയാണ്. പലരും കരുതാറുണ്ട് ഇന്ന സന്യാസിയുടെ ദൃഷ്ടി കിട്ടിയാൽ തന്നെ സഫലമായി. കൃപയും ആശീർവാദവും എടുത്ത് എടുത്ത് താഴേയ്ക്കു വരുകയാണ് ചെയ്തത്. അവർക്ക് എന്ത് കൃപയാണ് ചെയ്യാൻ കഴിയുക? അവർ കേവലം തന്റെ ബ്രഹ്മമഹാതത്വത്തെ ഓർമ്മിച്ചുകൊണ്ടിരിക്കും. ബാബയാണെങ്കിൽ കൃത്യമായി വഴി പറഞ്ഞുതരുന്നു ഇങ്ങനെ ഇങ്ങനെ ചെയ്യൂ എന്ന്. അശരീരിയായി വന്നു അശരീരിയായിത്തന്നെ പോകണം എന്ന് പാടാറൊക്കെയുണ്ട്. ഈ പാട്ടും ഈ സമയത്തേതാണ്. ബാബ പറയുന്ന കാര്യങ്ങൾ പിന്നീട് ഭക്തിമാർഗ്ഗത്തിൽ ഉപയോഗപ്പെടുന്നു. ഇപ്പോൾ ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെ ങ്കിൽ വികർമ്മം വിനാശമാകും. ബാബ ശ്രീമതം നൽകുകയാണ്. ഇതും ഡ്രാമയിൽ ബാബയുടെ പാർട്ടാ ണ്. ഇതിനെ സഹായം എന്നും പറയാവുന്നതാണ്, ഡ്രാമ അനുസരിച്ച് ശ്രീമതം ലഭിച്ചിട്ടുണ്ട്. ബാബയ്ക്ക് വഴി പറഞ്ഞു തരണം. പറയുന്നു സ്വയം ആത്മാവാണെന്നു മനസ്സിലാക്കൂ. സഹായം നൽകി കർമ്മാതീത അവസ്ഥയിലേയ്ക്ക് കൊണ്ടുപോകും എന്നല്ല. സമയം എടുക്കും. വളരെയധികം പരിശ്രമിക്കേണ്ടതായി വരും. സ്വയം ആത്മാവാണെന്നു മനസ്സിലാക്കുന്നതിൽ വളരെ അധികം അഭ്യാസം ചെയ്യണം. വാസ്തവ ത്തിൽ മാതാക്കൾക്ക് ഒരുപാട് സമയം ലഭിക്കും. പുരുഷന്മാർക്ക് ജോലികൾ ചെയ്യണം. നിങ്ങൾ കുട്ടികൾ അച്ഛനെ ഓർമ്മിച്ച് ഓർമ്മിച്ച് ലോട്ടറി എടുക്കണം. എങ്കിലേ മുഴുവൻ അഴുക്കും ഇല്ലാതാകൂ. ഇന്നയാൾ നല്ല പുരുഷാർത്ഥിയാണ് എന്ന അനുഭവമുണ്ടാകും. ചാർട്ട് വെയ്ക്കുന്നുണ്ട്. ഭക്തിയിൽ എങ്ങനെയാണോ രണ്ടോ മൂന്നോ മണിക്കൂർ ഇരുന്നുപോകുന്നത് അതുപോലെയാണ്. വാനപ്രസ്ഥമാകുമ്പോൾ ഒരുപാടു പേർ ഗുരുവിൽ ശരണം തേടും. പക്ഷേ ദേവതകളെ ഓർമ്മിക്കുന്നത്രത്തോളം അവരെ ഓർമ്മിക്കുന്നില്ല. വാസ്തവത്തിൽ ദേവതകളെ ഓർമ്മിക്കേണ്ടതില്ല. ദേവതകൾ ഒരിയ്ക്കലും പഠിപ്പിക്കുന്നുമില്ല.

നിങ്ങൾ കുട്ടികൾക്ക് ഇത് പുതിയ കാര്യമൊന്നുമല്ല. അതുപോലെ ലക്ഷക്കണക്കിന് വർഷങ്ങളുടെ കാര്യ വുമില്ല. എപ്പോഴാണോ സ്ഥാപനയുടേയും വിനാശത്തിന്റേയും കാര്യം ചെയ്യേണ്ടത് അപ്പോഴാണ് ബാബ വരുന്നത്. കുട്ടികൾക്ക് അറിയാം ഈ വിനാശം കല്പ കല്പം ഉണ്ടാവുന്നതാണ്. കല്പം മുമ്പും സംഭവി ച്ചിട്ടുണ്ട്. നിങ്ങൾ എഴുതുന്നുമുണ്ട് 5000 വർഷങ്ങൾക്കുമുമ്പും ഇതെല്ലാം സംഭവിച്ചിട്ടുണ്ട്. ബാബ തന്നെ മിലനം ചെയ്യാൻ എന്ത് വഴിയാണോ പറഞ്ഞുതരുന്നത് അത് പുതിയ കാര്യമൊന്നുമല്ല. ബാബ പറയുന്നു ഞാൻ കല്പ കല്പം വന്ന് വഴി പറഞ്ഞുതരുന്നു. നിങ്ങൾ കുട്ടികൾക്ക് അറിയാം ഇവിടെ നമ്മുടെ രാജ്യ ത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. ഏത് ദേവതകളുടെ പൂജയാണോ ചെയ്യുന്നത് അവരുടെ രാജ്യത്തിന്റെ സ്ഥാപന വീണ്ടും ഉണ്ടാവുകയാണ്. 5000 വർഷങ്ങളുടെ ചക്രമാണ്, ഇത് കറങ്ങിക്കൊണ്ടേ യിരിക്കും. മനുഷ്യർ അത്ഭുതപ്പെടുന്നു. മായയുടെ മതമനുസരിച്ച് എല്ലാവരും നടന്നുകൊണ്ടിരിക്കുകയാ ണ്. രാവണനെ എന്തുകൊണ്ടാണ് കത്തിക്കുന്നത്? അർത്ഥം ഒന്നും അറിയുന്നില്ല. നിങ്ങളുടെ പേരുതന്നെ സ്വദർശന ചക്രധാരി എന്നാണ്. പ്രഥമ ലക്ഷ്യവും മുന്നിലുണ്ട്. ബാബയിൽ എന്ത് ജ്ഞാനമാണോ ഉള്ളത് അത് ആത്മാക്കൾക്ക് നൽകുകയാണ്. എപ്പോഴാണോ ഡ്രാമയുടെ ചക്രം പൂർത്തിയാകുന്നത് അപ്പോഴാണ് ബാബ വന്ന് ജ്ഞാനം നൽകുന്നത്. ബാബ തന്നെയാണ് വന്ന് ഈ കർമ്മങ്ങൾ പഠിപ്പിക്കുന്നത്. പിന്നീട് വാമമാർഗ്ഗത്തിൽ വരുന്നതോടെ തന്നെയാണ് രാത്രി ആരംഭിക്കുന്നത്. പിന്നീട് നാം അധ:പതിച്ചുകൊണ്ടേ വരുന്നു. സുഖം കുറഞ്ഞുകൊണ്ടിരിക്കും. ബാബയുടെ ബുദ്ധിയിൽ ഉള്ളതുപോലെ നിങ്ങളുടെ ബുദ്ധി യിൽ മുഴുവൻ ചക്രവുമുണ്ട്. ബാക്കി നിങ്ങൾക്ക് പവിത്രമാകുന്നതിന് പരിശ്രമിക്കേണ്ടി വരുന്നു. വിളിക്കു ന്നത് തന്നെ ബാബാ ഞങ്ങൾ പതിതരെ പാവനമാക്കൂ എന്ന് പറഞ്ഞാണ്, പിന്നീട് ജ്ഞാനവും വേണം. മനുഷ്യനിൽ നിന്നും ദേവതയായി മാറണം. അച്ഛൻ വരുന്നത് കുട്ടികൾക്ക് രാജയോഗം പഠിപ്പിച്ചുതരാനാ ണ്. മറ്റാരെയെങ്കിലും പഠിപ്പിക്കാനായി വരുകയുമില്ല. പതിതപാവനനായ പിതാവിനെ വിളിക്കുന്നു– ബാബാ വന്ന് ഞങ്ങളെ പാവനമാക്കൂ എന്ന്. ഇപ്പോൾ നിങ്ങൾ പുണ്യാത്മാവായിത്തീരുകയാണ്. വിശ്വത്തിന്റെ ചരി ത്രവും ഭൂമിശാസ്ത്രവും വീണ്ടും ആവർത്തിക്കുകയാണ്. എത്ര ഗുഹ്യമായ കാര്യങ്ങളാണ്. മനുഷ്യന് ആത്മാവിനേയും അറിയില്ല, പരമാത്മാവിനേയും അറിയില്ല. ആത്മാവ് എന്താണ്, എങ്ങനെയാണ്, എങ്ങ നെയാണ് അതിന്റെ പാർട്ട്, അതും ബാബയാണ് വന്ന് പറഞ്ഞുതരുന്നത്. അത്ഭുതമാണ് ചെറിയ ആത്മാ വിൽ എന്തെല്ലാം പാർട്ടാണ് അടങ്ങിയിരിക്കുന്നത്. കേട്ടിട്ടുതന്നെ രോമാഞ്ചമുണ്ടാകണം. ചിലർക്ക് ആത്മാ

വിന്റെ സാക്ഷാത്ക്കാരങ്ങൾ ഉണ്ടാകുന്നു. ആത്മാവിന്റെ തിളക്കം കാണപ്പെടുന്നു. പക്ഷേ അതുകൊണ്ട് എന്ത് ഉപകാരമാണുള്ളത്? ഇവിടെയാണെങ്കിൽ യോഗം വെയ്ക്കുകയാണ് വേണ്ടത്. മനുഷ്യർ കരുതുന്നു സാക്ഷാത്ക്കാരമുണ്ടായി, മുക്തി ലഭിച്ചു. പാപം ഭസ്മമായി. ഇത് തീർത്തും വഞ്ചനയിൽ പെടലാണ്. ബാബയാണെങ്കിൽ ഓരോ കാര്യവും മനസ്സിലാക്കിത്തരുന്നു. പറയുന്നു നിങ്ങൾക്ക് ഗുഹ്യമായ കാര്യങ്ങൾ കേൾപ്പിച്ചുതരാം. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ചക്രത്തിന്റേയും ജ്ഞാനമുണ്ട്. ബാബയേയും ചക്രത്തേയും ഓർമ്മിച്ചാൽ മാത്രം മതി. ടീച്ചറേയും ഓർമ്മിക്കണം, ജ്ഞാനത്തേയും ഓർമ്മിക്കണം. ഓർമ്മിച്ച് ഓർമ്മിച്ച് ഡ്രാമ അനുസരിച്ച് കർമ്മാതീത അവസ്ഥയിൽ എത്തും. അശരീരിയായി എങ്ങനെയാണോ വന്നത് അതുപോലെ തന്നെ തിരിച്ച് പോകണം. നിങ്ങൾ ദൈവീക സംസ്ക്കാരങ്ങൾ കൊണ്ടുപോകുന്നു. അവിടെ ജ്ഞാനമൊന്നുമുണ്ടാകില്ല. ഇതിനെ സഹജമായ ഓർമ്മ എന്നാണ് പറയുന്നത്. യോഗം എന്ന് പറയുമ്പോൾ മനുഷ്യർ തെറ്റിദ്ധരിക്കുന്നു. അവർ ഹഠയോഗികളാണ്. സഹജയോഗം ബാബയാണ് പഠിപ്പിക്കുന്നത്. ഗീതയുടെ ഭഗവാൻ സഹജയോഗം പഠിപ്പിച്ചു- എന്ന് മുമ്പും കേട്ടിട്ടുണ്ട്. പക്ഷേ ഭഗവാനെ അറിയില്ലായിരുന്നു. 100 ശതമാനം തെറ്റിദ്ധരിച്ചു, അതിനാൽ മനുഷ്യൻ തീർത്തും പതിതമായിത്തീർന്നു. അനേകം മതങ്ങളുണ്ട്. ആരാണോ ഗൃഹസ്ഥവ്യവഹാരത്തിൽ ഇരിക്കുന്നത് അവർക്കുവേണ്ടിത്തന്നെയാണ് ഈ ഗീതാശാസ്ത്രം. നിങ്ങൾ പ്രവൃത്തി മാർഗ്ഗത്തിലുള്ളവരാണ്. ആദ്യം നിങ്ങളുടേത് പവിത്ര പ്രവൃത്തിമാർഗ്ഗമായിരുന്നു, ഇപ്പോൾ അപവിത്രമായിരിക്കുന്നു. ഇപ്പോൾ വീണ്ടും പവിത്രമാകണം. ബാബയാണെങ്കിൽ സദാ പവിത്രമാണ്. ഇപ്പോൾ വരുന്നത് ശ്രീമതം നൽകുന്നതിനായാണ്.

ബാബ പറയുന്നു ഈ സമയത്ത് എല്ലാവരും തമോപ്രധാനമായിരിക്കുന്നു. ആദ്യം സതോപ്രധാനമായിരുന്നു. എങ്ങനെയാണോ നമ്മൾ ആദ്യം സതോപ്രധാനമായിരുന്നത് പിന്നീടാണ് തമോപ്രധാനമായി മാറിയത്. ആരെല്ലാം വരുന്നുവോ പോപ്പ്, പാദിരി മുതലായ എല്ലാവരും ആദ്യം സതോപ്രധാനമായിരിക്കും, പിന്നീട് വൃദ്ധി പ്രാപിക്കുന്തോറും മുഴുവൻ വൃക്ഷവും തമോപ്രധാനമായി മാറുന്നു. വീണ്ടും സതോപ്രധാനമായി മാറണം. നമ്പർവൈസായി ആയിക്കൊണ്ടിരിക്കും, ഡ്രാമ അനുസരിച്ച്. വിസ്താരം വളരെയുണ്ട്. എങ്ങനെയാണോ ബീജത്തിന് അറിയുന്നത് ഇതിലെ വൃക്ഷം എങ്ങനെയുണ്ടാകുമെന്ന്. അതുപോലെ ഈ മനുഷ്യസൃഷ്ടി വൃക്ഷത്തിന്റെ രഹസ്യവും ബാബയാണ് പറഞ്ഞുതരുന്നത്. പൂന്തോട്ടക്കാരനും ബാബ തന്നെയാണ്. എന്റെ പൂന്തോട്ടം എത്ര നല്ലതാണ് എന്ന് അറിയാം. അച്ഛന് ജ്ഞാനമുണ്ടല്ലോ. എത്ര ഫസ്റ്റ് ക്ലാസായ ഈശ്വരന്റെ പൂന്തോട്ടമാണ്. ഇപ്പോഴാണെങ്കിൽ ചെകുത്താന്റെ പൂന്തോട്ടമാണ്. ചെകുത്താൻ എന്ന് വിളിക്കുന്നത് രാവണരാജ്യത്തെയാണ്. പലയിടങ്ങളിലും യുദ്ധങ്ങൾ നടക്കുകയാണ്. ഇപ്പോൾ ബാക്കിവെച്ചിരിക്കുന്ന ആറ്റംബോംബുകൾ, അതും തയ്യാറാക്കി വെച്ചാണ് ഇരിക്കുന്നത്. എല്ലാവർക്കും അറിയാം ഇത് എടുത്തുവെക്കാനുള്ള സാധനമൊന്നുമല്ല, ഇതിലൂടെ തീർച്ചയായും വിനാശമുണ്ടാവുക തന്നെചെയ്യും. അഥവാ വിനാശം ഉണ്ടായില്ലെങ്കിൽ പിന്നെങ്ങനെ സത്യയുഗം വരും. ഇത് തീർത്തും വ്യക്തമാണ്, കാണിക്കുന്നുമുണ്ട്- മഹാഭാരതയുദ്ധം നടന്നു, 5 പാണ്ഢവർ മാത്രം ബാക്കിയായി. അവരും വീണുമരിച്ചു. പക്ഷേ റിസൾട്ട് ഒന്നുമില്ല. ഇതും ഡ്രാമ ഉണ്ടാക്കിയിരിക്കുകയാണ് അത് ബാബയിരുന്ന് മനസ്സിലാക്കിത്തരികയാണ്. ഭാരതത്തെ തന്നെയായിരുന്നു കൊള്ളയടിച്ചത്, ഇപ്പോൾ എല്ലാം തിരിച്ച് തരുകയാണ്. അവസാനം വരെ തന്നുകൊണ്ടിരിക്കും. ഇതും നിങ്ങൾക്ക് അറിയാം വിനാശത്തിൽ എല്ലാം നശിച്ചുപോകും. എപ്പോഴാണോ നമ്മുടെ രാജ്യമുണ്ടായിരുന്നത് അപ്പോൾ മറ്റൊരു രാജ്യവുമുണ്ടായിരുന്നില്ല. ചരിത്രം തീർച്ചയായും ആവർത്തിക്കും. ഭാരതം വീണ്ടും സ്വർഗ്ഗമാകും. ലക്ഷ്മീ നാരായണന്മാരുടെ രാജ്യമുണ്ടാകും. അവിടെ മറ്റൊരു ഖണ്ഢത്തിന്റേയും പേരുപോലും ഉണ്ടാകില്ല. ഇപ്പോൾ കലിയുഗത്തിന്റെ അന്ത്യമാണ്, വീണ്ടും ഈ ലക്ഷ്മീ നാരായണന്മാരുടെ രാജ്യം വരും. നമ്മൾ വീണ്ടും ഇതായി മാറുകയാണ്. ബാബ പറയുന്നു ഞാൻ വന്നിരിക്കുകയാണ് രാജയോഗം പഠിപ്പിക്കാൻ. കല്പ കല്പത്തിൽ അനേകം തവണ നിങ്ങൾ അധികാരിയായിട്ടുണ്ട്. മുഴുവൻ വിശ്വത്തിലും ഇവരുടെ രാജധാനിയായിരുന്നു. വളരെ ബുദ്ധിശാലികളായിരുന്നു. അവിടെ മന്ത്രിയോട് ഉപദേശം ചോദിക്കേണ്ട ആവശ്യമുണ്ടാകില്ല. ഈ ഡ്രാമ ഉണ്ടാക്കിയതാണ് വീണ്ടും ആവർത്തിക്കും. കൃഷ്ണക്ഷേത്രത്തെ സുഖധാമം എന്നു പറയാറുണ്ട്. ശിവബാബ വന്ന് സുഖധാമം സ്ഥാപിക്കുകയാണ്. അവർ സ്വയം പറയുന്നുണ്ട് ക്രിസ്തുവിന് 3000 വർഷങ്ങൾക്ക് മുമ്പ് ഭാരതം സ്വർഗ്ഗമായിരുന്നു. ആദ്യം ഒരു ധർമ്മമേ ഉണ്ടായിരുന്നുള്ളൂ പിന്നീട് മറ്റുധർമ്മങ്ങൾ വന്നു. ബാബ എങ്ങനെയാണ് നമുക്ക് ചക്രവർത്തീപദം നൽകുന്നത്- ഇതുകണ്ട് കുട്ടികൾ അത്ഭുതപ്പെടണം. ബാബ വന്ന് ഭക്തിയുടെ ഫലം നൽകുന്നു. എത്ര സഹജമാണ്. പക്ഷേ ആരാണോ കല്പം മുമ്പ് മനസ്സിലാക്കിയത് അവരേ മനസ്സിലാക്കൂ, അതും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച്. ശരി-

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ

ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സ്വദർശന ചക്രത്തെ ധാരണ ചെയ്ത് തന്റെ പാപങ്ങളെ ഭസ്മമാക്കണം. കർമ്മേന്ദ്രിയങ്ങളിൽ നിന്നും ഒരു പാപകർമ്മവും ഉണ്ടാകരുത് - ഇതിൽ ശ്രദ്ധവയ്ക്കൂ. കർമ്മാതീതമായി മാറാൻ സ്വയം പരിശ്രമിക്കണം.

2) സാക്ഷാത്ക്കാരമുണ്ടാകണം എന്ന ആഗ്രഹം വെയ്ക്കരുത്, സാക്ഷാത്ക്കാരം ഉണ്ടാകുന്നതിലൂടെ മുക്തി ലഭിക്കുകയില്ല, പാപം ഭസ്മമാകില്ല, സാക്ഷാത്ക്കാരം കൊണ്ട് ലാഭമില്ല. ബാബയേയും ജ്ഞാനത്തേയും ഓർമ്മിക്കുന്നതിലൂടെ മാത്രമേ കറയില്ലാതാകൂ.

## വരദാനം:- മുഖത്തിലൂടെ സർവ്വ ശ്രേഷ്ഠ പ്രാപ്തികളുടെ അനുഭവം ചെയ്യിപ്പിക്കുന്ന സർവ്വ പ്രാപ്തി സമ്പന്നരായി ഭവിക്കൂ

സംഗമയുഗത്തിൽ താങ്കൾ ബ്രാഹ്മണ ആത്മാക്കൾക്ക് വരദാനമുണ്ട് "സർവ്വ പ്രാപ്തി സമ്പന്നരായി ഭവിക്കൂ". ഇങ്ങനെയുള്ള വരദാനീ ആത്മാവിന് പരിശ്രമിക്കേണ്ടി വരില്ല. അവരുടെ മുഖത്തിന്റെ തിളക്കം പറയും ഇവർ എന്തോ നേടിയിട്ടുണ്ട്, ഇവർ പ്രാപ്തി സ്വരൂപ ആത്മാക്കളാണ്. ചില-ചില കുട്ടികളുടെ മുഖം കണ്ട് ലോകർ പറയാറുണ്ട് ഉയർന്ന ലക്ഷ്യമാണ്, ഇവർ വളരെയധികം ഉയർന്ന ത്യാഗം ചെയ്തിട്ടുണ്ട്. ത്യാഗം കാണപ്പെടുന്നു എന്നാൽ ഭാഗ്യം കാണുന്നില്ല. എപ്പോൾ സർവ്വ പ്രാപ്തികളുടെയും ലഹരിയിൽ കഴിഞ്ഞ് തന്റെ ഭാഗ്യം കാണിക്കുന്നോ അപ്പോൾ സഹജമായും ആകർഷിതമാകും.

## സ്ലോഗൻ:- എവിടെ ഉണർവ്വും-ഉത്സാഹവും ഏകതയുടെയും സംഘടനയുണ്ടോ അവിടെ സഫലത അടങ്ങിയിട്ടുണ്ട്.